ഷെഡ്യൂൾ ഓപ്പറേറ്റ് ചെയ്യുന്നതിന് ബസ്സുകൾ കുറവ് വരുന്ന സാഹചര്യത്തിൽ ജില്ലാ പൂളിൽനിന്നും പകരം ബസ്സുകൾ നല്കുന്നതിന് പദ്ധതിയുണ്ട്. ആയതിനാൽ ബസ്സുകൾ ഇല്ലാതെ സർവ്വീസ് മുടങ്ങുന്ന സാഹചര്യം ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ കൂടുതൽ സർവ്വീസിന് കൂടുതൽ ബസ്സുകൾ നൽകേണ്ട സാഹചര്യം വരുമ്പോൾ ജില്ലാ പൂളിൽനിന്നും അനുവദിച്ചുനൽകുന്നതാണ്.

**വടക്കാഞ്ചേരി ബസ് സ്റ്റേഷൻ**

261(1246) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലപ്പിള്ളി താലൂക്കിന്റെ ആസ്ഥാനമായ വടക്കാഞ്ചേരിയിൽ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കാമോ?

തലപ്പിള്ളി താലൂക്കിന്റെ ആസ്ഥാനമായ വടക്കാഞ്ചേരിയിൽ പുതുതായി കെ.എസ്.ആർ.ടി.സി ബസ് സ്റ്റേഷൻ ആരംഭിക്കണമെന്ന ആവശ്യം സാമ്പത്തിക പ്രതിസന്ധിയിൽനിന്നും കരകയറുന്ന മുറയ്ക്ക് പരിഗണിക്കും.

(ബി) വടക്കാഞ്ചേരി മണ്ഡലത്തിൽപ്പെട്ട പ്രമുഖ ടൂറിസ്റ്റ് കേന്ദ്രങ്ങളായ വാഴാനി ഡാം, പൂമല ഡാം, ചെപ്പാറക്കുന്നുകൾ, വിലങ്ങൻകുന്ന്, അടാട്ട് കോൾ നിലങ്ങൾ എന്നിവ ബന്ധപ്പെടുത്തി അതിരപ്പിള്ളി മാതൃകയിൽ ടൂറിസം ലക്ഷ്യമാക്കി കെ.എസ്.ആർ.ടി.സി. കണ്ടക്ടഡ് ടൂർ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കാമോ?

സാദ്ധ്യതാ പഠനം നടത്തി തുടർ നടപടി സ്വീകരിക്കുന്നതാണ്.

**ഗതാഗത വകുപ്പിലെ അഴിമതി തടയുന്നതിന് നടപടി**

262(1247) ശ്രീ. കെ. ബാബു (നെന്മാറ):താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗതാഗത വകുപ്പിലെ അഴിമതി തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

ഗതാഗത വകുപ്പിലെ അഴിമതി തടയുന്നതിന് നിരവധി ഉത്തരവുകളും/ സർക്കുലറുകളും മുഖേന സർക്കാർ വേണ്ട നിർദ്ദേശങ്ങൾ നല്കിയിട്ടുണ്ട്. ആരോപണവിധേയരായ ഉദ്യോഗസ്ഥർക്കെതിരെ 1960-ലെ കേരള സിവിൽ സർവ്വീസ് (തരം തിരിവും നിയന്ത്രണവും അപ്പീലും) ചട്ടം പ്രകാരമാണ് അച്ചടക്ക നടപടികൾ സ്വീകരിക്കുന്നത്. വിജിലൻസ് അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് വകുപ്പിന്റെ ശിപാർശ പ്രകാരം അനന്തര നടപടികൾ സ്വീകരിച്ചുവരുന്നു. കെ.എസ്.ആർ.ടി.സി.-യിൽ അഴിമതി

LIBRARY ARCHIVES Kerala Legislative Assembly

ശ്രദ്ധയിൽപ്പെട്ടാലുടൻ തന്നെ ആഭ്യന്തര വിജിലൻസ് വിഭാഗവും ഓഡിറ്റ് വിഭാഗവും അന്വേഷിച്ച് ചട്ടപ്രകാരം അച്ചടക്ക/ശിക്ഷണ നടപടികൾ സ്വീകരിക്കുന്നുണ്ട്.

(ബി) കഴിഞ്ഞ സർക്കാരിന്റെ (2016-2021) കാലത്ത് എത്ര ജീവനക്കാർക്കെതിരെയാണ് അഴിമതി നടത്തിയതിന്റെ പേരിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതെന്ന് വിശദമാക്കുമോ?

മോട്ടോർ വാഹന വകുപ്പിൽ കഴിഞ്ഞ സർക്കാരിന്റെ (2016-2021) കാലത്ത് 41 ജീവനക്കാർക്കെതിരെ അഴിമതി നടത്തിയതിന്റെ പേരിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

**പിറവം മണ്ഡലത്തിൽ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്**

263(1248) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവം മണ്ഡലത്തിലെ വാഹന രജിസ്ട്രേഷൻ നടത്തുന്നതിനായി പൊതുജനങ്ങൾ നേരിടുന്ന ബുദ്ധിമുട്ട് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. മൂവാറ്റുപുഴ ആർ.ടി. ഓഫീസിന്റെയും തൃപ്പൂണിത്തുറ സബ് ആർ.ടി. ഓഫീസിന്റെയും പെരുമ്പാവൂർ സബ് ആർ.ടി. ഓഫീസിന്റെയും പരിധിയിൽ വരുന്ന താലൂക്കുകളിലെ മനീട്, എഴക്കരനാട്, രാമമംഗലം, പാമ്പാക്കുട, കൂത്താട്ടുകുളം, പിറവം, ഐക്കരനാട്, മുളന്തുരുത്തി, കാഞ്ഞിരമറ്റം, ആമ്പല്ലൂർ, വെളിയനാട്, പെപ്പതി, വെട്ടിക്കൽ എന്നീ വില്ലേജുകൾ ഉൾപ്പെടുത്തി പിറവം കേന്ദ്രമാക്കി സബ് ആർ.ടി. ഓഫീസ് രൂപീകരിക്കുന്നതിനുള്ള നിർദ്ദേശം സർക്കാർ പരിശോധിക്കുകയും പ്രസ്തുത പ്രൊപ്പോസൽ സംസ്ഥാനത്തിന്റെ സാമ്പത്തിക നില മെച്ചപ്പെടുമ്പോൾ പരിഗണിക്കാവുന്നതാണ് എന്ന് തീരുമാനിച്ചിട്ടുള്ളതുമാണ്.

(ബി) പിറവം കേന്ദ്രമാക്കി ഒരു ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

മൂവാറ്റുപുഴ ആർ.ടി. ഓഫീസിന്റെയും തൃപ്പൂണിത്തുറ സബ് ആർ.ടി. ഓഫീസിന്റെയും പെരുമ്പാവൂർ സബ് ആർ.ടി. ഓഫീസിന്റെയും പരിധിയിൽ വരുന്ന താലൂക്കുകളിലെ മനീട്, എഴക്കരനാട്, രാമമംഗലം, പാമ്പാക്കുട, കൂത്താട്ടുകുളം, പിറവം, ഐക്കരനാട്, മുളന്തുരുത്തി, കാഞ്ഞിരമറ്റം, ആമ്പല്ലൂർ, വെളിയനാട്, പെപ്പതി, വെട്ടിക്കൽ എന്നീ വില്ലേജുകൾ ഉൾപ്പെടുത്തി പിറവം കേന്ദ്രമാക്കി സബ് ആർ.ടി ഓഫീസ് രൂപീകരിക്കുന്നതിനുള്ള നിർദ്ദേശം സർക്കാർ പരിശോധിക്കുകയും പ്രസ്തുത പ്രൊപ്പോസൽ സംസ്ഥാനത്തിന്റെ സാമ്പത്തിക നില മെച്ചപ്പെടുമ്പോൾ പരിഗണിക്കാവുന്നതാണ് എന്ന് തീരുമാനിച്ചിട്ടുള്ളതുമാണ്.

LIBRARY ARCHIVES Kerala Legislative Assembly